# സൗഭാഗ്യം

മകൾ വൈകീട്ട് ക്ലാസ് കഴിഞ്ഞ് വരുമ്പോൾ അമ്മ പതിവ് പോലെ മുറ്റത്തിരുന്ന് ഓല മെടയുന്നുണ്ടായിരുന്നു. നീര് വന്ന് വീർത്ത കാലുകളും മടക്കി ഇരുന്ന് ഓലമെടയുമ്പോഴും ആ സ്ത്രീയുടെ മുഖം ശാന്തമായിരുന്നു. മുറ്റത്തെ കാൽപ്പെരുമാറ്റം കേട്ട് മെടഞ്ഞിട്ട ഓലയുടെ ആവശ്യക്കാരായിരിക്കും എന്ന പ്രതീക്ഷയോടെ മുഖം ഉയർത്തി നോക്കിയപ്പോഴാണ് അമ്മ മകളെ കണ്ടത്. തേനീച്ച കുത്തിയ ഭാവത്തിൽ വന്ന മകളെ കണ്ടപ്പോൾ ആ മനസ്സൊന്ന് കാളി, പടച്ചോനെ പെണ്ണെന്താ മുഖം വീർപ്പിച്ച് വരുന്നത്. സ്നേഹത്തോടെ എന്തെങ്കിലും ചോദിക്കാൻ ഒരുങ്ങും മുൻപേ മായ അമ്മയെ നോക്കാതെ മുഖം തിരിച്ചു. മോളെ, നിനക്ക് നല്ല ക്ഷീണമുണ്ടല്ലോ, ചായ ഉണ്ടാക്കി ഫ്ലാസ്കിൽ വച്ചിട്ടുണ്ട്. പോയി കുളിച്ച് ചായ കുടിക്ക്. മറുപടി ഒന്നും പറയാതെ കേൾവി ശക്തി നഷ്ടപ്പെട്ടവളെ പോലെ മായ മുറ്റത്ത് മെടഞ്ഞിട്ട ഓലകളിൽ ചവിട്ടാതെ സൈഡിലൂടെ നടന്ന് വീടിന്റെ പടിക്കൽ എത്തി. ചെരുപ്പഴിച്ച് വരാന്തയിലേക്ക് കയറിയതും ക്ഷീണത്തോടെ അത് വരെ കൈയ്യിൽ തൂക്കി പിടിച്ചിരുന്ന പച്ചക്കറി സഞ്ചി നിലത്ത് ചുമരിൽ ചാരി വച്ചു. ശേഷം പതിയെ അകത്തേക്ക് കയറി.ഹാളിലെ ചെറിയ കട്ടിലിൽ അച്ഛൻ നെഞ്ചും തടവി കാലുകൾ നീട്ടിവച്ച് ഇരിക്കുന്നുണ്ടായിരുന്നു. മകളെ കണ്ടതും അയാൾ സ്നേഹത്തോടെ ഒന്ന് മന്ദഹസിച്ചു. അജ്ഞാതനെ കണ്ടഭാവത്തോടെ മായ മുറിയിലേക്ക് പോയതും അച്ഛന്റെ മുഖം മങ്ങി.

മുറിയിൽ എത്തിയതും മായ തോളിലെ ബാഗും നിലത്തിട്ട് കട്ടിലിലേക്ക് വീണു. അടുത്താഴ്ച രശ്മീടെ ചേച്ചീടെ കല്യാണമാണ്. കൂട്ടുകാരികൾ എല്ലാം പുതിയ ചുരിദാർ വാങ്ങി. രണ്ട് മാസം മുൻപ് ഞാൻ അമ്മയോട് പറഞ്ഞതാണ് കല്യാണത്തിന് ഉടുക്കാൻ പുതിയ ചുരിദാർ വേണമെന്ന്. വാങ്ങി തരാം എന്ന് അമ്മ ഏറ്റതുമാണ്. എന്നിട്ടിപ്പോൾ പറയുന്നു പറ്റില്ലെന്ന്. മെടഞ്ഞിട്ട ഓലകൾ വിറ്റ് തീർന്നില്ല പോലും. അല്ലെങ്കിലും മറ്റുള്ളവരെ പോലെ അല്ല ഞാൻ. ഒറ്റ മോളാണെന്ന് പറഞ്ഞിട്ടെന്താ കാര്യം. രാജകുമാരിയെ പോലെ അല്ല , ദരിദ്രവാസിയെ പോലെ ജീവിക്കാനാണ് യോഗം. അവൾ സങ്കടത്തോടെ ഓരോന്ന് ചിന്തിച്ച് കൂട്ടി.മോളെ വാതിൽ തുറക്ക്, നീ എന്താ ആരോടും ഒന്നും മിണ്ടാതെ മുറിക്കുള്ളിൽ അടയിരിക്കുന്നത്, അനിത വാതിലിൽ ആഞ്ഞിടിച്ച് കൊണ്ട് ചോദിച്ചു. അമ്മയുടെ ചോദ്യവും വാതിലിലെ പ്രഹരവും അവളെ ചിന്തകളിൽ നിന്ന് ഉണർത്തി. വീണ്ടും സംസാര ശേഷി നഷ്ട്ടപ്പെട്ടവളെ പോലെ ആർക്കും മുഖം കൊടുക്കാതെ വസ്ത്രങ്ങളും എടുത്ത് വാതിൽ തുറന്ന് അവൾ കുളി മുറി ലക്ഷ്യമാക്കി നടന്നു. അമ്മയാകട്ടെ മകൾക്ക് എന്താണ് സംഭവിച്ചിച്ചത് എന്നറിയാതെ മൗനം പാലിച്ച് നിന്നു. സമയം കടന്ന് പോയി മായ കുളി കഴിഞ്ഞ്, വസ്ത്രങ്ങൾ അപ്പോൾ തന്നെ അലക്കിയിട്ടു. ശേഷം അടുക്കളയിലേക്ക് കയറിയപ്പോഴേക്കും അമ്മ ഫ്ലാസ്കിലെ ചായ ഗ്ലാസിലേക്ക് പകർന്നിരുന്നു. അത് കണ്ടില്ലന്ന് നടിച്ച് മുന്നോട്ട് നടന്ന മകളുടെ കൈയ്യിൽ പിടിച്ച് അമ്മ നയത്തിൽ കാര്യം ചോദിച്ചു. എന്റെ അമ്മേ ഇന്ന് രശ്മീടെ ചേച്ചീടെ കല്യാണത്തിന് പോകാൻ എല്ലാവരും പോയി ഡ്രസ്സ്

എടുത്തു . ഞാൻ തലവേദന എന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറി. അമ്മേടെ വാക്ക് വിശ്വസിച്ച ഞാൻ വിഡ്ഢിയായി. അമ്മക്ക് തൃപ്തിയായൊ - മായ മനസ്സിലെ സങ്കടം ഒറ്റ ശ്വാസത്തിൽ പറഞ്ഞു തീർത്തു. മോളെ അച്ഛന് ശ്വാസം മുട്ടൽ കൂടി ഒരു മാസമായി പണിക്ക് പോകാൻ പറ്റിയില്ല.

പാവത്തിന്റെ മരുന്ന് മുടങ്ങിയിട്ട് ഒരാഴ്ച്ചയായി. നാളെ പോയി മരുന്ന് വാങ്ങണം. അമ്മക്കാണേൽ വാതം വന്ന് ശരിയായി നടക്കാൻ പോലും വയ്യ. എന്നിട്ടും ഞാൻ എങ്ങനെയോ ഓലമെടഞ്ഞ് വിറ്റാണ് കാര്യങ്ങൾ ഇത് വരെ എത്തിച്ചത്. റേഷൻ കടയിലെ അരി ഉള്ളത് കൊണ്ട് നമ്മൾ പട്ടിണി കിടന്നില്ല. നീ കാര്യങ്ങൾ ഒന്ന് മനസ്സിലാക്ക്. എന്റെ പൊന്നമ്മേ, ഞാൻ കാര്യങ്ങൾ മനസ്സിലാക്കി തന്നെയാണ് ഇത് വരെ ജീവിച്ചത്. എനിക്ക് നല്ല രീതിയിൽ ജീവിക്കാൻ യോഗമില്ല അതാണ് സത്യം. എന്റെ കൂട്ട് കാരികൾക്ക് എല്ലാവർക്കും നല്ല വീടുണ്ട് മറ്റ് എല്ലാ സൗകര്യങ്ങളും, സൗഭാഗ്യങ്ങളും ഉണ്ട്. എനിക്ക് നിറം കെട്ട പഴഞ്ചൻ വീടുണ്ട്, ഓല കുളിമുറി ഉണ്ട്. നരച്ച ചുരിദാർ ഉണ്ട്. തുന്നി കൂട്ടിയ തേഞ്ഞ ചെരിപ്പുണ്ട്. കഴിക്കാനാണേൽ പലപ്പോഴും റേഷൻ അരി ചോറും ഉണ്ട്. പോരാത്തതിന് ചത്താലും മാറാത്ത ഒരു പേരും ഉണ്ട്. വലിവ് നാരായണന്റെ മകൾ എന്ന്. ഇതൊക്കെയാണ് നിങ്ങൾ എനിക്ക് തന്ന സൗഭാഗ്യം. ഞാൻ അത്യാവശ്യം നന്നായി പഠിക്കുന്നു എന്നതാണ് എന്റെ ഏക അഭിമാനം. അല്ലാതെ വലിവ് നാരായണന്റെ ദരിദ്രവാസി മകളായി ജീവിക്കുന്നതല്ല എന്റെ അഭിമാനവും സൗഭാഗ്യവും. മായയുടെ ആത്മ രോഷത്തിൽ പിറന്ന വാക്കുകൾക്ക് ഒട്ടും ദയയില്ലായിരുന്നു. ആരുടെയും മറുപടിക്ക് കാത്ത് നിൽക്കാതെ അവൾ മുറിയിലേക്ക് പോയി. നിറഞ്ഞൊഴുകിയ കണ്ണുകൾ തുടക്കുമ്പോഴും നാരായണേട്ടൻ മകളുടെ വാക്കുകൾ കേൾക്കല്ലേ എന്നായിരുന്നു അനിതയുടെ പ്രാർത്ഥന. എന്നാൽ എല്ലാം കണ്ടും കേട്ടും നിസ്സഹായനായി കിടക്കുകയായിരുന്നു നാരായണൻ. അന്ന് രാത്രി ആരും ഒന്നും കഴിച്ചില്ല. എല്ലാവരും ഉറങ്ങിയും ഉറങ്ങാതെയും നേരം വെളുപ്പിച്ചു. പിറ്റേന്ന് നേരത്തെ എഴുന്നേറ്റ് മായ അമ്പലത്തിലേക്ക് പോകാൻ ഒരുങ്ങി. തൊഴുത് കഴിഞ്ഞ് കോളേജിലേക്ക് പോകാനായിരുന്നു പ്ലാൻ. വീട്ടിൽ നിന്ന് ഇറങ്ങാൻ തുനിഞ്ഞതും അനിത മായയുടെ കൈ പിടിച്ച് ആയിരം രൂപ നൽകി. കൂടാതെ ചോറ്റ് പാത്രം ബാഗിൽ ഇട്ട് കൊടുത്തു. മോളെ കുളിമുറി മേയാൻ വച്ച കാശാണ്. തൽക്കാലം മോളുടെ ആവശ്യം നടക്കട്ടെ. സന്തോഷം കൊണ്ട് നിറഞ്ഞ മനസ്സുമായി മായ വീട്ടിൽ നിന്ന് ഇറങ്ങി. നേരെ അമ്പലത്തിലേക്ക് പോയി തൊഴുതു. ശേഷം കോളേജിലേക്ക് പോയി. രാവിലത്തെ ക്ലാസുകൾ എല്ലാം കഴിഞ്ഞ് ഉച്ച ആയപ്പോൾ ഭക്ഷണം കഴിച്ചതിന് ശേഷം ചുരിദാർ എടുക്കാനായി അവൾ കോളേജിൽ നിന്ന് നേരത്തെ ഇറങ്ങി.

സമയം ഏതാണ്ട് രണ്ട് മണി ആയി കാണും, അവൾ ടൗണിലേക്കുള്ള ബസ്സിൽ കയറി ഇരുന്നു. റോഡിന്റെ വീതി കൂട്ടുന്നതിനായി പണി നടക്കുന്നത് മൂലം വാഹനങ്ങൾ എല്ലാം തന്നെ വളരെ പതിയെ ആണ് പോയിരുന്നത്. പലയിടത്തും ബ്ലോക്കായിരുന്നു. മായ കയറിയ ബസ്സും ബ്ലോക്കിൽ പെട്ടു. സൈഡ് സീറ്റിൽ ഇരുന്ന് പുറത്തേക്ക് നോക്കുമ്പോൾ മായ ഒരു കാഴ്ചകണ്ടു. തലക്ക് മീതെ സൂര്യൻ വെട്ടി തിളങ്ങുമ്പോൾ മെലിഞ്ഞ് എല്ലും തോലുമായ ഒരു മനുഷ്യൻ പണിയെടുത്ത് ശ്വാസം കിട്ടാതെ പണിപ്പെടുന്നു. ഒറ്റ നോട്ടം കൊണ്ട് അവൾക്ക് ആളെ മനസ്സിലായി. അച്ഛൻ. ഒരു നിമിഷം കൊണ്ട് അവൾ തീച്ചൂളയിലെന്ന പോലെ വെന്ത് പോയി. നിറഞ്ഞ കണ്ണ്കളോടെ വീണ്ടും ഒന്ന് കൂടി നോക്കി. നോക്കി അതെ അച്ഛൻ തന്നെ, കൂടെ സാരിക്ക് മീതെ ഷർട്ടിട്ട് അമ്മയും ഉണ്ട്. അച്ഛന്റെ നെഞ്ച് തടവുകയാണ് പാവം. പൊടി ഒട്ടും പറ്റാത്തതിനാൽ കഷ്ട്ടപ്പെട്ട് ശ്വാസം നീട്ടി വലിച്ച്

എടുക്കുകയാണ് അച്ഛൻ. നിറഞ്ഞൊഴുകിയ കണ്ണുകളോടെ, നിസ്സഹായയായി നിൽക്കുകയാണ് അമ്മ. പണി എടുക്കാത്തതിന് ഏതോ തടിയൻ അമ്മയെ വഴക്കും പറയുന്നുണ്ട്. മായക്ക് സഹിക്കാൻ പറ്റാവുന്നതിനും അപ്പുറമായിരുന്നു ആ കാഴ്ച. ദൈവമേ എനിക്ക് വേണ്ടി ഇത്രയും കഷ്ടപ്പെടുകയായിരുന്നോ പാവങ്ങൾ. അവൾ ടൗണിലേക്ക് പോകാതെ നേരെ വീട്ടിലേക്ക് പോയി.

വാതിൽ തുറന്ന് വീട്ടിലെത്തിയതും കുറ്റബോധം കൊണ്ട് അവൾ പൊട്ടി കരഞ്ഞു. ബാഗിലെ ആയിരം രൂപ അമ്മയുടെ മുറിയിലെ മേശയിൽ വക്കുമ്പോൾ മായ അച്ഛന്റെ മരുന്ന് ശീട്ട് കണ്ടു. അച്ഛന് മരുന്ന് വാങ്ങിക്കാനുള്ള കാശാണ് അമ്മ രാവിലെ തനിക്ക് തന്നതെന്ന് മായയ്ക്ക് മനസ്സിലായി. അത് അച്ഛന്റെ തീരുമാനമാണെന്നും അവൾ ഊഹിച്ചു. വീണ്ടും ആ കണ്ണുകൾ നിറഞ്ഞ് ഒഴുകി. ഒരു പാട് നേരം കരഞ്ഞതിന് ശേഷം മായ ഒരു തീരുമാനം എടുത്തു. ആറ് മാസം കഴിഞ്ഞാൽ തന്റെ പഠിഞ്ഞം തീരും. ഉടനെ ഏറ്റവും നല്ല ജോലിക്ക് കയറണം. ഇനി എന്റെ അമ്മയും, അച്ഛനും കഷ്ട്ടപ്പെടാൻ പാടില്ല. സമയം കടന്ന് പോയി. വൈകുന്നേരം ആയപ്പോൾ അനിതയും നാരായണനും വീട്ടിലേക്ക് വന്നു. അവർക്കരികിലേക്ക് ഓടിച്ചെന്ന മായയോട് അച്ഛൻ ചോദിച്ചു - എന്താ മോളെ ചുരിദാർ വാങ്ങിയില്ലേ - എന്റെ മോൾക്ക് സൗഭാഗ്യം ഇല്ലെന്ന് ഇനി ഒരിക്കലും അച്ഛൻ തോന്നിപ്പിക്കില്ല പോരെ, അവശതയിലും വാത്സല്യത്തോടെയാണ് നാരായണൻ അത് പറഞ്ഞത്. എനിക്ക് സൗഭാഗ്യം ഉണ്ട് അച്ഛാ, നിങ്ങൾ രണ്ട് പേരും ആണ് എന്റെ ഏറ്റവും വലിയ സൗഭാഗ്യം - എനിക്ക് ഈ സൗഭാഗ്യം മാത്രം മതി. അച്ഛന്റെ നെഞ്ചിലേക്ക് വീണ് പൊട്ടി കരഞ്ഞ് കൊണ്ട് മായ പറഞ്ഞു . അത്കേട്ട് നിറഞ്ഞ മനസ്സോടെ അനിത മകളുടെ മുടിയിൽ തലോടി.